CSI Christ Church Thiruvananthapuram

AUGUST 2026

# TIDINGS

VOL : 18 NO: 08

## The Christ Who Restores



**MOTTO 2026**

"...ദൈവമേ, ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ" (സങ്കീ. 80:3)

"...Restore us, O God..." (Psalm 80:3)

"... தேவனே, எங்களைத் திருப்பிக்கொண்டுவாரும்..." (சங். 80:3)

9th Death Anniversary

*In Loving Memory of*



## K. Raju Varghese

**Thottathil House**

Gandhipuram, Trivandrum (ID No: R-020 Page 452)

08-06-1950 to 16-08-2017

Pappa, You'll always be in our hearts,
because in there You're still alive

**Deeply missed and fondly remembered by :**

Leelamma (Wife)
Renlee & Regien (Sons)
Anita & Jeena (Daughters-in-Law)
Leanne, Ryan & Ean (Grandchildren)

## Vicar



**Rev. Thomas Paikad**
Christ Church Parsonage
DBRA-61., Near Devaswom
Board Jn, Nanthencode,
Trivandrum-695003
Mobile: 9447176033, 9447414013
Telephone: 2316033

## Asst. Vicar



**Rev. Ninan P. Thomas**
Christ Church Parsonage
Fern Hill Bethel
Thycaud P.O.,
Trivandrum-695014
Mobile: 9447006033, 8281130759

## Church Wardens

| | |
|---|---|
| Mr. M. J. Kuruvilla | 9447734292 |
| Mr. Korah Abraham | 9447155109 |

## Church Secretary

| | |
|---|---|
| Mr. Saji Sam George | 9447303524 |

## Lay Treasurer

| | |
|---|---|
| Mr. D. Soman John | 9447007700 |

## Internal Auditor

| | |
|---|---|
| Mr. Hezakiel V. S. | 9447071185 |

## Church Committee Members

| | |
|---|---|
| Mrs. Achamma K. A. | 9447152395 |
| Mrs. Anitha Varkey | 8139891822 |
| Mr. Ebby P. Kuruvilla | 8089585362 |
| Mr. Paul Raj K. | 9447022463 |
| Mr. Robin Sam Kurien | 8921318737 |
| Mrs. Sally George | 9446541149 |
| Mr. Subin V. Sam | 8891177691 |
| Mr. Koshy George | 9745036120 |
| Mr. Cherian George | 9400060202 |
| Mr. Reji Easo Cherian | 7994455788 |

## Diocesan Council Members

| | |
|---|---|
| Mr. Beju Joseph | 9495850181 |
| Adv. Koshy P. J. | 9249718765 |
| Mr. Mathew John | 9847066965 |
| Mr. Renju Cherian Philip | 9846065460 |
| Mr. Suku C. Oommen | 9447059920 |
| Dr. Valsamma Jacob | 9447586864 |

## Senior Presbyter

| | |
|---|---|
| Very. Rev. Matthew Matthew | 9447129096 |

## Presbyters helping us in Holy Services

| | |
|---|---|
| Rev. Dr. George Joseph | 9496252843 |
| Rev. Sandeep Oommen | 9447525795 |
| Rev. A. Viswasaraj (Tamil) | 9495349325 |

## Church Staff

| | |
|---|---|
| Mr. Tinu P.S. (Justin) | 8893292192 |
| Mr. Roy Daniel | 9605242882 |
| Mr. Roy Mathew | 9567776996 |

# TIDINGS

## AUGUST 2026

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | 31 | | | | | |


**Editorial Board**

Rev. Thomas Paikad
Rev. Ninan P. Thomas
Mr. Saji Sam George (Convener)
Mr. M. J. Kuruvilla
Mr. Korah Abraham
Mr. D. Soman John
Mr. Reji Easo Cherian
Mr. Ebby P Kuruvilla
Mr. Renju Philip
Mr. Biju Mathew
Dr. Valsamma Jacob
Mr. Ambatt Shaji Joseph


## CSI CHRIST CHURCH

(Diocese of Madhya Kerala)


Palayam Trivandrum
Office: 2726033
Mob : 8547526031
Email: office@csichristchurch.org
www.csichristchurch.org



Online Edition-http://www.csichristchurch.org/tidings/

## Area Conveners

| | | |
|---|---|---|
| Kesavadasapuram | Mr. C.T. John | 9447694352 |
| | Mr. Kuruvilla Kurian | 9847114748 |
| Kowdiar-Kuravankonam | Mrs.Susan Thomas | 9447751085 |
| | Mr. Vinod Thomas | 9895206215 |
| Kunnukuzhy- Barton/Gpattom | Mr. Chandy Thomas | 9447161738 |
| MC/Kannammoola | Mr. Koshy George | 9745036120 |
| | Mr. Joshy Mathew | 9809788681 |
| Nanthencode | Mr. A.J.Thomas | 9447020738 |
| | Mr. Abraham Ninan | 9072170226 |
| Palayam/Vazhu./Thycaud. | Mr. D. Soman John | 9447007700 |
| | Mrs. Kunjukunjamma Oommen | 9446313661 |
| Pattom-Plamoodu | Mr. George Ninan | 8289909503 |
| Peroorkada | Mr. M. K. Philip | 8137023110 |
| | Mr. P.M. Varkey | 9447761125 |
| Pettah-Manacadu | Mr. K.J George | 9400451149 |
| Pongumoodu- Sreekaryam | Prof.K.V. Thomas | 9847534530 |
| Poojappura-Karamana | Mr. K. Paul Raj | 9447022463 |
| | Adv. Koshy P. J. | 9249718765 |
| PTP Nagar-Vattiyoorkavu | Mr. V.S. Hezekiel | 9447071185 |
| | Mrs. Mariamma Thomas | 9846626846 |

## Organisation Secretaries

| | | |
|---|---|---|
| Sunday School | Mr. Jacob Thomas | 9495120219 |
| Youth Movement | Mr. Jonathan George Koshie | 9916073273 |
| Choir | Mrs. Jolly Job | 9495389134 |
| Women’s Fellowship | Adv. Achamma K A | 9447152395 |
| Almaya Fellowship | Mr. V.S. Samuel | 9447140503 |
| Golden Age Fellowship | Mr. George Ninan | 8289909503 |
| Young Family Fellowship | Mr. Sudheep Abraham | 9847203954 |
| Ecology Forum | Dr. Thomas Biju Mathew | 8075542177 |
| Medical Forum | Dr. Arun Joseph | 9447102079 |
| Christuseva | Mr. Reji Easo Cherian | 7994455788 |
| Hindi Worship Service | Mr. Amar Pal Singh | 9519178324 |

# ‘Vicar’s Reflections

Dearly Beloved in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

As we enter the month of August, our nation prepares to celebrate Independence Day, commemorating the freedom gained through the sacrifices, struggles and vision of those who longed for a free and just India. This occasion invites us not only to remember our national heritage but also to reflect on the deeper meaning of freedom from a Christian perspective. The Holy Scriptures remind us that freedom is a gift from God. St. Paul writes, “For freedom Christ has set us free” (Galatians 5:1). While political independence grants us the liberty to live as citizens of a free nation, the freedom that Christ offers liberates us from the bondage of sin, fear, selfishness and spiritual darkness. True freedom is found when our lives are surrendered to God's will and guided by His truth. As Christians living in a democratic nation, we are called to be responsible citizens who seek the welfare of the society in which God has placed us. Our patriotism should be expressed not merely through words or celebrations, but through lives marked by honesty, justice, compassion, and service. We honour our nation when we work for peace, uphold human dignity, care for creation and stand with those who are marginalized and suffering.

As we celebrate our nation's freedom, we also thank God for His abundant grace and faithfulness upon our parish. The past few weeks have been a time of meaningful fellowship, worship, and congregational life, reminding us of God's continued guidance in our journey as a faith community. We are grateful to God for

the successful celebration of our Diocesan Day. It was a joyous occasion that enabled us to remember our diocesan heritage, celebrate our unity in Christ, and renew our commitment to the mission of the Church. I thank all those who worked tirelessly in planning and organising the various programmes and all who participated wholeheartedly in the celebrations. May the spirit of fellowship and mission that marked the occasion continue to inspire us in the days ahead.

We also thank God for the smooth conduct of our Annual General Body meeting. Such gatherings are important opportunities for prayerful reflection, accountability and collective discernment as we seek God's will for the life and ministry of our parish. I would also like to place on record my sincere appreciation to all who were involved in organising the farewell and send-off programme for our former Vicar, Rev. Alex P. Oommen and family. The arrangements reflected the love, respect, and gratitude of the congregation for his faithful ministry among us. Such occasions remind us that the Church is not merely an institution but a family united in Christ. We continue to thank God for his service and pray that the Lord may bless and guide him abundantly in his continuing ministry.

During this month, we also look forward to the celebration of Onam, one of Kerala's most cherished festivals. Beyond its cultural significance, Onam reminds us of values that resonate deeply with the Christian faith-gratitude for God's providence, the joy of community, hospitality, sharing with those in need and the hope of harmony among all people. As families and communities come together in celebration, may we remember those who are lonely, struggling, or in need of support. Let us use this festive season as an opportunity to strengthen bonds of fellowship, extend acts of kindness and give thanks to God for His abundant blessings upon our lives and our land.

# *In Loving Memory of*



**P. George Samuel & Elizabeth Samuel**

**31.07.2013** **28.08.2006**

**Molackal**

*"Safe in the arms of Jesus"*

**Fondly remembered by**
Saji & Molly
Anju, Manu & Minnu
Reinu, Allan & Jikku
Jiji & Rajankunju
Jeethu & Manasi

*In Loving Memory of*





**K.I. Itty**
**10-06-1925 - 02-03-2010**

**Annamma Itty**
**14-10-1929 - 01-08-2022**

**Kuttickal**

Blessed are the pure in heart,
for they shall see God

I extend my congratulations to the newly elected office bearers - The Church Wardens, diocesan council members and committee members. We now await the approval of the bishop before the formal assumption of responsibilities takes place. Also praise God for the outgoing committee for their effort in the day to day running of the church. Leadership in the Church is not merely a position of honour but a sacred responsibility entrusted by God and affirmed by the congregation. May the Lord grant them wisdom, humility, integrity and a servant heart as they undertake their responsibilities. Let us uphold them in our prayers and extend our wholehearted support as they lead the various ministries of our parish.

I would also like to address a special word to our young people and to the parents of our Sunday School students. Our Sunday School and Youth Movement are vital ministries of the Church and play an essential role in nurturing the faith of future generations. I encourage parents who bring their children to Sunday School to participate faithfully in the worship service and to inspire their children to do the same. Christian worship is corporate in nature; each member of the Body of Christ has a significant place within it. Let us work together to nurture our children in the faith and help them grow into committed, church-oriented disciples of Christ. To our young people, I wish to say that the future of the Church depends greatly on their commitment, and participation. The Church needs your enthusiasm, creativity, talents, and leadership. In a world filled with many distractions and competing voices, remain rooted in Christ, diligent in prayer, faithful in worship and active in the life and mission of the Church. Do not under estimate the role God can play through your life. As St. Paul reminds us, “Let no one despise your youth, but set the believers an example in speech, in conduct, in love, in faith and in purity” (1 Timothy 4:12). Our celebrations also take place against

the backdrop of a troubled world. Ongoing wars and conflicts in different parts of the world continue to bring suffering, displacement and loss of life to countless families. We grieve with those who mourn and pray for God's peace to prevail where hatred and violence have taken root. As followers of Christ, the Prince of Peace, we are called to be instruments of reconciliation, compassion and hope. Closer to home, the recurring natural calamities in Kerala-heavy rains, floods, landslides and the resulting hardships faced by many families-remind us of the fragility of life and our responsibility toward one another and God's creation. Let us remember in our prayers those who have lost loved ones, homes, livelihoods and security. May our concern not remain merely in words, but be expressed through practical acts of compassion, generosity and solidarity with those who suffer.

On an experimental basis, we have begun livestreaming both worship services. This facility is not intended as an alternative to regular church attendance but as a ministry for those who are unable to travel, are unwell, elderly, or living far away. I encourage all who are physically able to continue participating in person in the worship and fellowship of the Church. For your convenience, a QR code is displayed during the offertory for offerings. Please note that this facility is intended exclusively for offertory contributions. Other subscriptions and designated contributions may be made through the respective channels provided by the parish.

I am also pleased to inform you that we have replaced the disposable plastic communion cups with stainless steel cups. This change reflects our commitment to responsible stewardship of creation, while also ensuring that the cups can be properly sterilised and reused.

I would like to express my sincere gratitude to our Area Prayer Leaders who assist me in pastoral visitation and ministry.

Thank you also to all parishioners for the warm welcome and hospitality extended during these visits. Your fellowship and encouragement are deeply appreciated. At the same time, I wish to remind you that in cases of emergency, pastoral need, illness, or bereavement, you may contact me or Rev. Ninan P. Thomas. We will make every effort to be present and offer pastoral care at the earliest opportunity. Likewise, if any of our senior members or those who are unable to travel or remain seated for extended periods during worship desire to receive Holy Communion, kindly inform the Area Prayer Leaders so that arrangements may be made for Cottage Holy Eucharist.

Let us continue to walk together in faith, hope, and love, seeking first the Kingdom of God and serving one another with joy and humility. May the Lord bless our parish, our diocese, our nation and each one of our families.

Yours in Christ,

**Thomas Paikad**

Vicar

Martha,Mary and Lazer of Bethany's day

---

# പ്രതിഫലനങ്ങൾ

കർത്താവിൽ പ്രിയരേ

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം

ഓഗസ്റ്റ് മാസത്തിലേക്ക് പ്രവേശിക്കുമ്പോൾ നമ്മുടെ രാജ്യം ഒരു സ്വാതന്ത്ര്യ ദിനാഘോഷത്തിനായി ഒരുങ്ങുകയാണ്. സ്വതന്ത്രവും നീതിപൂർവ്വമായ ഒരു ഇന്ത്യ സ്വപ്നം കണ്ടവരുടെ ത്യാഗങ്ങളും, പോരാട്ടങ്ങളും ദർശനവും ആണ് നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുത്തത്. ഈ അവസരം നമ്മുടെ ദേശീയ പൈതൃകം ഓർക്കുന്നതിനൊപ്പം ക്രൈസ്തവ വീക്ഷണത്തിൽ സ്വാതന്ത്ര്യത്തിന്റെ ആഴമേറിയ അർത്ഥതലത്തിൽ ചിന്തിക്കുവാനും നമ്മെ ക്ഷണിക്കുന്നു.

സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു (ഗലാത്യർ 5 :1 )എന്ന് വിശുദ്ധ പൗലോസ് നമ്മെ ഓർമിപ്പിക്കുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം ഒരു സ്വതന്ത്ര രാഷ്ട്രത്തിലെ പൗരന്മാരായി ജീവിക്കുവാനുള്ള അവകാശം നൽകുമ്പോൾ ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യം പാപത്തിന്റെയും ഭയത്തിന്റെയും സ്വാർത്ഥതയുടെയും ആത്മീയ അന്ധകാരത്തിന്റെയും അടിമത്വത്തിൽ നിന്ന് നമ്മെ മോചിപ്പിക്കുന്നതാണ്. നമ്മുടെ ജീവിതം ദൈവഹിതത്തിന് സമർപ്പിക്കപ്പെടുകയും ദൈവ സത്യത്താൽ നയിക്കപ്പെടുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവപ്പെടുന്നത്.

ജനാധിപത്യ രാജ്യത്തിൽ ജീവിക്കുന്ന ക്രൈസ്തവർ എന്ന നിലയിൽ ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന സമൂഹത്തിന്റെ നന്മ അന്വേഷിക്കുന്ന ഉത്തരവാദിത്വമുള്ള പൗരന്മാരാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ദേശസ്നേഹം വാക്കുകളിലെ ആഘോഷങ്ങളിൽ മാത്രം ഒതുങ്ങാതെ സത്യസന്ധതയും നീതിയും കരുണയും സേവനവും ഉള്ള ജീവിതത്തിലൂടെ പ്രകടമാകണം. സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുമ്പോഴും മനുഷ്യ മഹത്വത്തെ ഉയർത്തിപ്പിടിക്കുമ്പോഴും സൃഷ്ടിയെ പരിപാലിക്കുമ്പോഴും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കഷ്ടത അനുഭവിക്കുന്നവർക്കും ഒപ്പം നിൽക്കുമ്പോഴുമാണ് നാം നമ്മുടെ രാഷ്ട്രത്തെ ആദരിക്കുന്നത്.

നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം ആഘോഷിക്കുമ്പോൾ നമ്മുടെ മഹായിടവകയോടുള്ള ദൈവത്തിന്റെ സമൃദ്ധമായ കൃപയ്ക്കായും വിശ്വസ്തതയ്ക്കായും നന്ദി പറയുന്നു. കഴിഞ്ഞ ഏതാനും ആഴ്ചകൾ ആരാധനയുടെയും കൂട്ടായ്മയുടെയും ആത്മീയ വളർച്ചയുടെയും പഠനത്തിന്റെയും അനുഗ്രഹീത ദിനങ്ങൾ ആയിരുന്നു വിശ്വാസ സമൂഹം എന്ന നിലയിൽ ദൈവം നമ്മെ എങ്ങനെ നയിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തൽ ആയിരുന്നു അത്. നമ്മുടെ മഹായിടവകദിനാഘോഷം വിജയകരമായി നടത്തുവാൻ സാധിച്ചതിന് ദൈവത്തിന് സ്തോത്രം. മഹായിടവകയുടെ പൈതൃകം ഓർക്കുവാനും ക്രിസ്തുവിലുള്ള നമ്മുടെ ഐക്യം ആഘോഷിക്കുവാനും സഭയുടെ ദൗത്യത്തോടുള്ള പ്രതിബദ്ധത പുതുക്കുവാനും ഈ അവസരങ്ങൾ സഹായകമായി. വിവിധ പരിപാടികൾ ആസൂത്രണം

ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്ത എല്ലാവർക്കും പ്രത്യേക ഈ ദിനത്തിൽ പങ്കാളികളായ എല്ലാവർക്കും ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ഈ ആഘോഷത്തെ അടയാളപ്പെടുത്തിയ കൂട്ടായ്മ യുടെയും ദൗത്യ ബോധത്തിന്റെയും ആത്മാവ് തുടർന്നാളുകളിലും നമ്മെ പ്രചോദിപ്പിക്കട്ടെ.

നമ്മുടെ വാർഷിക പൊതുയോഗം സുഗമമായി നടത്തുവാൻ കഴിഞ്ഞതിനും ദൈവത്തിന് നന്ദി പറയുന്നു. ഇത്തരം യോഗങ്ങൾ പ്രാർത്ഥനാപൂർവ്വമായ ആത്മപരിശോധനയ്ക്കും ഉത്തരവാദിത്വ ബോധത്തിനും സഭയുടെ ശുശ്രൂഷയെ സംബന്ധിച്ചുള്ള കൂട്ടായ വിവേചനത്തിനും സുപ്രധാനമാണ്. നമ്മുടെ മുൻ വികാരി റവ. അലക്സ് പി ഉമ്മൻ അച്ചനും കുടുംബത്തിനും യാത്രയയപ്പ് ഭംഗിയായി സംഘടിപ്പിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു അദ്ദേഹത്തിന്റെ വിശ്വസ്തമായ ശുശ്രൂഷയോടുള്ള സഭയുടെ സ്നേഹവും ബഹുമാനവും നന്ദിയും ആ പരിപാടിയിൽ പ്രതിഫലിച്ചു. സഭ ഒരു സ്ഥാപനം എന്നതിലുപരി ക്രിസ്തുവിൽ ഐക്യപ്പെട്ട കുടുംബം ആണെന്ന സത്യം ഈ അവസരങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു അദ്ദേഹത്തിന്റെ സേവനത്തിനായി ദൈവത്തിന് നന്ദി പറയുകയും ഭാവി ശുശ്രൂഷകൾക്കായി ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു

ഈ മാസത്തിൽ കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്സവ ങ്ങളിൽ ഒന്നായ ഓണം നാം ആഘോഷിക്കുന്നു. സാംസ്കാരിക പ്രാധാ ന്യത്തിന് അപ്പുറം ദൈവത്തിന്റെ പരിപാലനത്തിനുള്ള നന്ദി കൂട്ടായ്മയുടെ സന്തോഷം, അതിഥി സൽക്കാരം, ആവശ്യമുള്ള വരുമായി പങ്കുവയ്ക്കൽ, സമൂഹത്തിന്റെ ഐക്യത, പ്രത്യാശ എന്നീ ക്രൈസ്തവ വിശ്വാസത്തോട് ചേർന്ന് നിൽക്കുന്ന മൂല്യങ്ങൾ ഓണം നമ്മെ ഓർമിപ്പിക്കുന്നു. കുടുംബങ്ങളും സമൂഹങ്ങളും ഒന്നിച്ചുകൂടി ആഘോഷിക്കുമ്പോൾ ഏകാന്തതയിലും കഷ്ടതയിലും കഴിയുന്ന വരെയും നാം ഓർക്കണം. ഈ ഉത്സവകാലം കൂട്ടായ്മ ശക്തിപ്പെടു ത്തുവാനും സ്നേഹപ്രവർത്തികൾ ചെയ്യുവാനും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനുമുള്ള അവസരം ആകട്ടെ.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സഭാ ചുമതലക്കാരായ കൈകാരന്മാർ മഹായിടവക കൗൺസിൽ അംഗങ്ങൾ ചർച്ച് കമ്മിറ്റി അംഗങ്ങൾ എന്നിവരെ അഭിനന്ദിക്കുന്നു. ബിഷപ്പിന്റെ അംഗീകാരത്തിനു ശേഷം അവർ ഔദ്യോഗികമായി ചുമതലകൾ ഏറ്റെടുക്കുന്നതാണ്. സഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ വിശ്വസ്തതയോടെ നിർവ ഹിച്ചുകൊണ്ടിരുന്ന മുൻ കമ്മിറ്റി അംഗങ്ങൾക്കും നന്ദിയും അഭിനന്ദ നവും അറിയിക്കുന്നു. സഭയുടെ നേതൃത്വം ഒരു പദവി മാത്രമല്ല ദൈവം ഏൽപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്യുന്ന വിശുദ്ധ ഉത്തര വാദിത്വമാണ് അവർക്ക് ജ്ഞാനവും വിനയവും സത്യസന്ധതയും ദാസ ഭാവവും ദൈവം നൽകട്ടെ. പുതിയ നേതൃത്വത്തിനായി നാം പ്രാർത്ഥി ക്കുകയും പിന്തുണ നൽകുകയും ചെയ്യണം.

നമ്മുടെ യുവജനങ്ങളെയും സൺഡേസ്കൂൾ കുട്ടികളേയും ഓർപ്പിക്കുവാൻ ആഗ്രഹിക്കുന്നത്, സൺഡേ സ്കൂളും യുവജനപ്രസ്ഥാ നവും സഭയുടെ അത്യന്താപേക്ഷിതമായ ഘടകമാണ് മാതാപിതാക്കൾ ക്രമമായി ആരാധനയിൽ പങ്കെടുക്കുകയും കുഞ്ഞുങ്ങളെ അതിലേക്ക് പ്രോത്സാഹിപ്പിക്കുകയും വേണം. ഭാവിയിലെ സഭ നിങ്ങളുടെ കുഞ്ഞു ങ്ങളുടെ വിശ്വാസത്തെയും സഭയോടുള്ള പ്രതിബദ്ധതയും ആശ്രയി ച്ചിരിക്കുന്നു. അവരുടെ കഴിവുകളും ഊർജ്ജവും നേതൃത്വവും സഭയ്ക്ക് ആവശ്യമാണ്. തിമതിയോസ് ഓർമിക്കുന്നതുപോലെ നിന്റെ യൗവനം തുച്ഛീകരിക്കരുത്.

ലോകത്തിന്റെ പല ഭാഗങ്ങളിലും തുടരുന്ന യുദ്ധങ്ങളും സംഘർഷങ്ങളും അനേകം കുടുംബങ്ങൾക്ക് ദുരിതവും വേദനയും മരണവും സമ്മാനിക്കുന്നു. സമാധാനത്തിന്റെ പ്രഭുവായ ക്രിസ്തുവിന്റെ അനുയായികളായ നാം അനുരഞ്ജനത്തിന്റെയും കരുണയുടെയും പ്രത്യാശയുടെയും ഉപകരണങ്ങൾ ആകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു കേരളത്തിൽ ആവർത്തിച്ചുവരുന്ന മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ജീവിതത്തിന്റെ നശ്വരതയും പരസ്പര ഉത്തരവാദിത്വത്തെയും നമ്മെ ഓർപ്പിക്കുന്നു ദുരന്തം അനുഭവിക്കുന്ന വർക്കായി പ്രാർത്ഥിക്കുകയും കരുണയുടെയും ഉദാരതയുടെയും പ്രവർത്തികളിലൂടെ അവരോടൊപ്പം നിൽക്കുകയും ചെയ്യാം.

പരീക്ഷണാടിസ്ഥാനത്തിൽ നാം രണ്ട് ആരാധനകളും

തൽസമയം സംപ്രേഷണം ചെയ്യുവാൻ ആരംഭിച്ചിരിക്കുന്നു ഇത് സ്ഥിരമായി സഭയിൽ കടന്നുവരുവാൻ കഴിയാത്തവർക്ക് ഉള്ള ഒരു ക്രമീകരണം ആണ്. ആരാധനയിൽ നേരിട്ട് പങ്കെടുക്കുന്നവർക്ക് ഒരു പകരമല്ല. ആരാധനയിൽ പ്രദർശിപ്പിക്കുന്ന QRCode സ്തോത്രകാഴ്ച സമർപ്പണത്തിന് മാത്രം ഉപയോഗിക്കാവുന്നതാണ്. മറ്റു സംഭാവനകൾ ഇതിൽ കൂടി നൽകരുത് എന്ന് ഓർപ്പിക്കട്ടെ. അതിനു പ്രത്യേകം നൽകിയിരിക്കുന്ന QRCode ഉപയോഗിക്കണം. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കപ്പുകൾക്ക് പകരമായി സ്റ്റെയിൻലെസ് സ്റ്റീൽ കപ്പുകൾ വിശുദ്ധ സംസർഗ്ഗത്തിനായി ഉപയോഗിക്കുവാൻ തുടങ്ങിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രകൃതി സംരക്ഷണത്തിനും നമ്മുടെ പ്രതിബദ്ധതയുടെ ഭാഗമായും, ശുചിത്വം ഉറപ്പാക്കുന്നതിനും ആയി ഇപ്രകാരം മാറ്റം വരുത്തിയിരിക്കുന്നു

ഭവന സന്ദർശനങ്ങളിലും ഇടയ പരിപാലന ശുശ്രൂഷകളിലും ഞങ്ങളെ സഹായിക്കുന്ന ഏരിയ പ്രാർത്ഥന നേതാക്കൾക്കായി ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഭവന സന്ദർശന വേളയിൽ ലഭിക്കുന്ന സ്നേഹപൂർവ്വമായ സ്വീകരണത്തിനായി നന്ദി അറിയിക്കട്ടെ അടിയന്തര സാഹചര്യങ്ങളിലും രോഗാവസ്ഥകളിലും ദുഃഖങ്ങളിലും എന്നെയോ റവ . നൈനാൻ പി തോമസ് അച്ചനെയോ ബന്ധപ്പെടാവുന്നതാണ്. യാത്ര ചെയ്യുവാൻ പ്രയാസമുള്ള മുതിർന്ന അംഗങ്ങൾക്കും ദീർഘനേരം ആരാധനയിൽ പങ്കെടുക്കുവാൻ കഴിയാത്തവർക്കും വിശുദ്ധ സംസർഗം കൈക്കൊള്ളുവാൻ ആഗ്രഹമുണ്ടെങ്കിൽ ഏരിയ പ്രയർ ലീഡർമാരെ അറിയിച്ചാൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും ഒരുമിച്ച് മുന്നേറാം. ദൈവരാജ്യത്തിന് മുൻതൂക്കം നൽകിക്കൊണ്ട് പരസ്പര വിനയത്തോടും സന്തോഷത്തോടും കൂടി ദൈവത്തെ സേവിക്കാം നമ്മുടെ ഇടവകയേയും മഹായിടവകയെയും നമ്മുടെ രാജ്യത്തെയും കുടുംബങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷയിൽ,

തോമസ് പായിക്കാട്

വികാരി

*ബദാനിയിലെ മാർത്തയുടെയും*
*മറിയയുടെയും ലാസറിന്റെയും ദിനം 2026*



# വാർത്തകളും കുറിപ്പുകളും

**1. വാർഷിക പൊതുയോഗം 2026**

വാർഷിക പൊതുയോഗം 12-07-2026 ഞായറാഴ്ച രാവിലെ സംയുക്താരാധനക്കുശേഷം റവ തോമസ് പായിക്കാടച്ചന്റെ അധ്യക്ഷതയിൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മുൻ വികാരി റവ അലക്സ് പി ഉമ്മനച്ചൻ സന്നിഹിതനായിരുന്നു. മുൻപൊതുയോഗമിനിറ്റ്സുകളും, വാർഷിക റിപ്പോർട്ടും, സെക്രട്ടറിയും, വാർഷിക കണക്കും ബഡ്ജറ്റും ട്രഷററും വായിച്ചവതരിപ്പിച്ചു. എഴുതി നൽകിയ ചോദ്യങ്ങൾക്കുള്ള മറുപടികൾക്കും വിശദമായ ചർച്ചകൾക്കും ശേഷം മറ്റുനടപടിക്രമങ്ങൾ പൂർത്തിയാക്കി ഉച്ചക്ക് ഒരുമണിയോടെ. യോഗനടപടികൾ അവസാനിപ്പിച്ചു. പൊതുയോഗത്തിന് സ്വാഗതം ശ്രീ എം ജെ കുരുവിളയും, നന്ദി ശ്രീ കോര എബ്രഹാമും അറിയിച്ചു.

**2. അലക്സച്ചന് യാത്രയയപ്പ്**

നെടുങ്ങാടപ്പള്ളിയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു പോയ അലക്സച്ചന് 12-7-26, വാർഷിക പൊതുയോഗത്തിന് ശേഷം സമുചിതമായ യാത്രയയപ്പ് നൽകുകയുണ്ടായി. കൈക്കാരൻ ശ്രീ എം ജെ കുരുവിള ആശംസകൾ അറിയിച്ചു. ട്രഷറർ ശ്രീ. സോമൻ ജോൺ സഭയുടെ സ്നേഹോപഹാരം നൽകി. മറുപടി പ്രസംഗത്തിൽ കഴിഞ്ഞ രണ്ടുവർഷത്തെ ശുശ്രൂഷയിൽ സഹകരിച്ച ഏവർക്കും നന്ദി അറിയിച്ചു. ശ്രീ കോര എബ്രഹാം യോഗത്തിന് നന്ദി അറിയിച്ചു. വാർഷിക പൊതുയോഗത്തിലും, യാത്രയയപ്പ് യോഗത്തിലും പങ്കെടുത്തവർക്ക് പ്രഭാത ഭക്ഷണവും, ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു. 13.7.26 നുള്ള അലക്സച്ചന്റെ മടക്കയാത്രയിൽ 16 സഭാംഗങ്ങൾ അച്ചനെയും കുടുംബത്തെയും നെടുങ്ങാടപ്പള്ളിവരെ അനുഗമിക്കയുണ്ടായി. തിരികയുള്ള യാത്രയിൽ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന മുൻ വികാരി പി കെ ചാക്കോ അച്ചനെ തന്റെ മുണ്ടിയപ്പള്ളിയിലുള്ള ഭവനത്തിൽ സന്ദർശിക്കയുണ്ടായി.

**3. തിരഞ്ഞെടുപ്പ് പൊതുയോഗം 19-07-2026**

തെരഞ്ഞെടുപ്പ് പൊതുയോഗം 19-07-26 ഞായറാഴ്ച സംയുക്താരാധനക്ക് ശേഷം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 1780 വോട്ടർമാരുള്ള

*In Loving Memory of*



## M.G. CHANDY

Clifton, Matteethra, ID M-105

**14-04-1910 to 31-08-2009**

*"Even in the valley, God is good"*

**Fondly remembered by**

Dr. George Chandy & Family

Mr. Reji Eapen Chandy & Family

Dr. Achamma Chandy & Family

# *In Loving Memory of*



## Koshy Oommen (88)

**Providence Puthuchira, 241, PTP Nagar,**
Thiruvananthapuram

***Called to his Eternal Rest on 11th July 2026***

*"I am the resurrection and the life.*
*The one who believes in Me will live, even though they die."*
*John 11:25*

**Fondly remembered by:**

Wife: Elizabeth Koshy (Jessie)
Children: Eugene & Regina, Reuben, Diana & Tinku
Grandchildren: Evan, Eden, Danielle & Samuel

തിൽ 636 പേർ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിച്ചു. ഉച്ചക്ക് 2 മണിക്ക് വോട്ടെടുപ്പ് പൂർത്തിയായി. തുടർന്ന് വോട്ടെണ്ണൽ ആരംഭിച്ചു. രാത്രി 9.30 ഓടെ വോട്ടെണ്ണൽ പൂർത്തിയായി. 9.40 ന് പായിക്കാടച്ചൻ വിജയികളെ പ്രഖ്യാപിച്ചു. മഹായിടവക ബിഷപ്പിന്റെ അംഗീകാരം ലഭിച്ചശേഷം പുതിയ കമ്മിറ്റിക്ക് ചുമതല കൈമാറുന്നതാണ് ആരാധന യിൽ പങ്കെടുത്തവർക്കു പ്രഭാത ഭക്ഷണം ക്രമീകരിച്ചിരുന്നു.

**4. മഹായിടവക ദിനാഘോഷങ്ങൾ**

148-ാമത് മഹായിടവക ദിനാഘോഷങ്ങളുടെ ഭാഗമായി കഴിഞ്ഞ ലക്കം അറിയിച്ചിരുന്നതുപോലെ ജൂലൈ 11 ന് കോട്ടയം സി. എം. എസ്. കോളേജിൽ വച്ച് ചരിത്രസെമിനാറും, ജൂലൈ 18 ന് മാവേലിക്കരയിൽ മേഖലാ സമ്മേളനവും നടത്തി. പതാകദിനാചരണത്തിന്റെ ഭാഗമായി ജൂലൈ 19 ഞായറാഴ്ച ആരാധനക്കുശേഷം പായിക്കാടച്ചന്റെ നേതൃത്വത്തിൽ പള്ളി പരിസരത്ത് സഭയുടെ പതാക ഉയർത്തൽ കർമ്മം നിർവഹിക്കയുണ്ടായി. മഹായിടവകയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഗായകസംഘങ്ങൾ എന്നിവർക്കായി വിവിധ മത്സരങ്ങളും സംഘടിപ്പിക്കയുണ്ടായി ജൂലൈ 25 ഞായറാഴ്ച ഉച്ചക്കു ശേഷം കോട്ടയം മഹായിടവക റിട്രീറ്റ് സെന്ററിൽ വച്ച് വിവിധ ആത്മീയ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ നേതാക്കന്മാർ പങ്കെടുത്ത പൊതുസമ്മേളനവും നടത്തുകയുണ്ടായി.

**5. ആരാധനകളുടെ തത്സമയ പ്രക്ഷേപണം.**

5-7-26 മുതൽ രണ്ട് ആരാധനകളും പരീക്ഷണാടിസ്ഥാനത്തിൽ തത്സമയം സംപ്രേഷണം ചെയ്തുവരുന്നു. കൂടാതെ, സ്തോത്രകാഴ്ച സ്വീകരിക്കുന്ന സമയത്ത് ഡിജിറ്റൽ പേയ്മെന്റ് ഓപ്ഷൻ ടി.വി. സ്ക്രീനിൽ പ്രദർശിപ്പിക്കുന്നതുമാണ്,ഇതോടൊപ്പം ഡിജിറ്റൽ പെയ്മെന്റിനുള്ള ക്യു ആർ കോഡ് ഇംഗ്ലീഷ്, മലയാളം ഭാഷകളിലുമുള്ള പാട്ടു പുസ്തകങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. ഡിജിറ്റൽ പേയ്മെന്റ് വഴി സ്തോത്രകാഴ്ച നൽകാൻ ആഗ്രഹിക്കുന്നവർക്ക് ഈ സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഈ പുതിയ സംരംഭത്തിലൂടെ സ്തോത്രകാഴ്ച മാത്രമേ സ്വീകരിക്കുകയുള്ളൂ. ഈ പേയ്മെന്റുകൾക്ക് രസീതുകൾ നൽകു ന്നതുമല്ല.

**6. ഗായക സംഘ ഞായർ**

6.9.26 ഞായർ ഗായകസംഘ ഞായറായി മഹായിടവക ആചരിക്കുന്നു. ഇടവകയിലെ ആചരണത്തിന് നേതൃത്വം നൽകുവാൻ ഗായക

സംഘ നേതൃത്വം ശ്രദ്ധിക്കുമല്ലോ.'യഥാസ്ഥാനത്തിന്റെ പാട്ടുകൾ' എന്നതാണ് ചിന്താവിഷയം.

ഇന്ന് മഹായിടവക ആത്മായ ഞായറായി ആചരിക്കുന്നു. യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു എന്നത് ക്രിസ്തീയ ആത്മീയതയിൽ ഏറെ പ്രത്യാശയും ആശ്വാസവും നൽകുന്ന ഒരു പ്രധാന വിഷയമാണ്. പാപത്താലും നിരാശകളാലും ദൈവവുമായുള്ള ബന്ധത്തിൽ നിന്ന് അകന്നുപോയ മനുഷ്യരാശിയെ തന്നിലേക്ക് വീണ്ടും അടുപ്പിക്കുകയും, തകർന്ന ജീവിതങ്ങളെ വീണ്ടെടുക്കുകയും ചെയ്യുന്ന രക്ഷകനാണ് യേശുക്രിസ്തു. തകർച്ചകളിൽ കഴിയുന്ന ഏവർക്കും ഒരു പുതിയ തുടക്കം വാഗ്ദാനം ചെയ്യുകയാണ് ക്രിസ്തുവിന്റെ അളവറ്റ സ്നേഹം. ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷകൾ മനുഷ്യരെ യഥാസ്ഥാനപ്പെടുത്തുന്നതിന്റെ ഉത്തമ ഉദാഹരണങ്ങളായിരുന്നു. യഥാസ്ഥാനപ്പെടുത്തൽ എന്നാൽ കേവലം പഴയ അവസ്ഥയിലേക്ക് മടങ്ങുക എന്നതല്ല, മറിച്ച് ക്രിസ്തുവിൽ കൂടുതൽ സമ്പൂർണ്ണവും അനുഗ്രഹീത വുമായ ഒരു പുതിയ ജീവിതം പ്രാപിക്കുക എന്നതാണ്. തകർന്ന ഹൃദയങ്ങളെ സൗഖ്യമാക്കാനും, നഷ്ടപ്പെട്ടുപോയ സമാധാനവും സന്തോഷവും പുനഃസ്ഥാപിക്കാനും ക്രിസ്തുവിലൂടെ നമുക്ക് സാധ്യമാകട്ടെ.

കഴിഞ്ഞ കാലയളവിൽ ക്രൈസ്റ്റ് ചർച്ചിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷവും അഭിമാനവുമുണ്ട്. എന്നെ വിശ്വസിച്ച് ഈ ചുമതല ഏൽപ്പിച്ച ഇടവക വികാരിക്കും, പൂർണ്ണ പിന്തുണ നൽകിയ കമ്മിറ്റി അംഗങ്ങൾക്കും എല്ലാ സഭാംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ക്രൈസ്റ്റ് ചർച്ച് സഭയുടെ പുരോഗതിക്കായി ഒന്നിച്ചു പ്രവർത്തിക്കുവാൻ കഴിഞ്ഞത് വലിയൊരു അനുഗ്രഹമായിരുന്നു. എന്റെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള പാളിച്ചകളും തെറ്റുകുറ്റങ്ങളും ദയവായി ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു, അതോടൊപ്പം പുതിയതായി ചുമതലയേൽക്കുന്ന ഭരണസമിതിക്ക് എല്ലാവിധ പിന്തുണയും പ്രാർത്ഥനയും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്വാതന്ത്ര്യദിന, ഓണാശംസകളോടെ...

**സജി സാം ജോർജ്ജ്**

സെക്രട്ടറി

# വിടപറയൽ കുറിപ്പ് – വാക്കുകൾക്കതീതമായ നന്ദിയോടെ...

*അക്ഷരങ്ങളെ പ്രണയിക്കുന്ന, ആശയങ്ങളെ ബഹുമാനിക്കുന്ന പ്രിയ വായനക്കാരെ,*

*'ടൈഡിങ്സ്' എഡിറ്റോറിയൽ ബോർഡിന്റെ കാലാവധി ഈ ലക്കത്തോടെ പൂർത്തിയാവുകയാണ്. അവസാന ലക്കത്തിന്റെ ഈ താളുകൾക്കൊപ്പം സന്തോഷവും അഭിമാനവും നിറഞ്ഞ വികാരത്തോടെ വിടപറയുന്നു.*

*കഴിഞ്ഞ 3 വർഷക്കാലം, തുടക്കത്തിൽ ചില മാസങ്ങൾ ഒഴികെ എല്ലാ മാസവും ഒന്നാം ഞായറാഴ്ച തന്നെ ടൈഡിങ്സ് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിരുന്നു എന്നതും, പ്രസിദ്ധീകരണ ചെലവ് പരസ്യ വരുമാനങ്ങളിലൂടെ കണ്ടെത്തുവാനും ചെലവിനുപരിയായി ലഭിച്ച വരവിന്റെ ഒരു ഭാഗം കാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാനും സാധിച്ചു എന്നതും, ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം 2024, 2025 വർഷങ്ങളിലെ മഹായിടവക ജ്ഞാനനിക്ഷേപം അവാർഡിനർഹമായി എന്നതും ഏറെ അഭിമാനത്തോടെ ഓർക്കുന്നു.*

*കഴിഞ്ഞ കാലയളവിൽ ടൈഡിങ്സിനെ കൂടുതൽ മികവുറ്റതാക്കാൻ ഞങ്ങൾ നടത്തിയ ശ്രമങ്ങൾക്ക് നിങ്ങൾ നൽകിയ പിന്തുണ വാക്കുകൾക്ക് അതീതമാണ്. ഓരോ ലക്കവും നിങ്ങളുടെ കൈകളിൽ എത്തുമ്പോഴും ലഭിച്ച നിർദ്ദേശങ്ങളും വായനാനുഭവങ്ങളും ഞങ്ങൾക്ക് നൽകിയ ഊർജ്ജം ചെറുതല്ല.*

*ഈ കാലയളവിൽ ടൈഡിങ്സിനെ കൂടുതൽ ആകർഷകവും ജനകീയവുമാക്കാൻ നിരവധി പുതിയ പംക്തികൾ കൂട്ടിച്ചേർക്കുകയുണ്ടായി.*

* *പ്രിയ വായനക്കാരുടെ അനുഭവങ്ങൾ പങ്കുവെച്ച അനുഭവ സാക്ഷ്യം*
* *കീർത്തനങ്ങളുടെ കഥ പറയുന്ന വിശ്വാസത്തിൻ സംഗീതം*
* *സമകാലിക വിഷയങ്ങളെയും പുതിയ വിവരങ്ങളെയും ലളിതമായി അവതരിപ്പിച്ച ഫീച്ചറുകൾ, സമൂഹത്തിലെ പ്രസക്തമായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ലേഖനങ്ങളും, ചിന്തോദ്ദീപകമായ പംക്തികളും ടൈഡിങ്സിന് പുതിയൊരു മുഖം നൽകി.*

*ഇതോടൊപ്പം 2025-ലും 2026-ലും ജനുവരി മാസം വിശിഷ്ട വ്യക്തികളുടെയും കൂടുതൽ സഭാംഗങ്ങളുടെയും ലേഖനങ്ങൾ, കവിതകൾ, അഭിമുഖം, ലഘുനാടകങ്ങൾ, ചത്രരചനകൾ, അടുത്ത വർഷത്തെ ആക്ഷൻ പ്ലാൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പൂർണ്ണമായി വർണ്ണക്കടലാസിൽ പുതുവത്സര വിശേഷാൽ പതിപ്പുകൾ പ്രസിദ്ധീകരിക്കുവാൻ സാധിച്ചു.*

*ഈ യാത്രയിൽ ഞങ്ങളോടൊപ്പം നിന്ന എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു:*

*പ്രതിഫലനങ്ങൾ, സങ്കീർത്തനങ്ങൾ എന്നീ പംക്തികൾ നൽകി വന്ന ഇടവക വികാരിമാർ, അസി.വികാരിമാർ എന്നിവർക്കും അതാതു മാസത്തെ ചിന്താവിഷയാധിഷ്ഠിതമായ മികച്ച ലേഖനങ്ങളും സൃഷ്ടികളും നൽകി മാസികയെ സമ്പന്നമാക്കിയ പട്ടക്കാർ ഉൾപ്പെടെയുള്ള എല്ലാ എഴുത്തുകാർക്കും, പ്രതിഭകൾക്കും ഞങ്ങളുടെ പ്രത്യേക നന്ദി. മുടക്കം കൂടാതെ എല്ലാമാസവും കൃത്യമായി വിശ്വാസത്തിൻ സംഗീതം എന്ന പംക്തിയിലേക്കു സൃഷ്ടികൾ നൽകിവന്നവർക്ക്, വിശിഷ്യ ശ്രീ മോഹൻ എ ചാണ്ടിക്കും കുടുംബത്തിനും പ്രത്യേക നന്ദി.*

*പരസ്യ വരുമാനത്തിനായി മെമ്മോറിയൽ, വിവാഹ, മാമോദീസ പരസ്യ ചിത്രങ്ങളും, സഭയിൽ നടക്കുന്ന പരിപാടികളുടെ ചിത്രങ്ങളും ശേഖരിച്ചു പ്രസിദ്ധീകരിക്കുവാൻ ഏറെ സഹായിച്ച ശ്രീ രജി ഈശോ ചെറിയാൻ, പ്രൂഫ് റീഡിംഗിലും മറ്റു മേഖലകളിലും സഹായിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, കൈകാരന്മാർ, സഭാ കമ്മിറ്റി അംഗങ്ങൾ, സഭാ ജീവനക്കാർ മാസികയുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കി കൃത്യസമയത്തു പ്രസിദ്ധീകരിക്കുവാൻ സഹായിച്ച ഷാജി അമ്പാട്ട്, ഗ്രേസ് പ്രിന്റേഴ്സ് എന്നിവർക്കും പ്രത്യേക നന്ദി.*

*ഓരോ ലക്കവും കാത്തിരുന്ന് വായിക്കുകയും, നിർദ്ദേശങ്ങളും വിമർശനങ്ങളും നൽകി ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഓരോ വായനക്കാർക്കും പ്രത്യേക നന്ദി.*

*പുതിയ എഡിറ്റോറിയൽ ബോർഡിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ടൈഡിങ്സ് കൂടുതൽ ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് ആശംസിക്കുന്നു.*

*നന്ദിയോടെ, ചാരിതാർത്ഥ്യത്തോടെ... വിട!*

*സ്നേഹാദരങ്ങളോടെ,*

*എഡിറ്റോറിയൽ ബോർഡിനുവേണ്ടി*

***സജി സാം ജോർജ് ,** കൺവീനർ*

## ALMANAC

| | |
|---|---|
| 07.08.2026 | 7.30 a.m. Friday H.E. ( Malayalam ) |
| 09. 08.2026 | 10th Sunday after Pentecost |
| Theme | Identity in Christ Marked by Baptism |
| | സ്നാനത്താൽ മുദ്രിതമായ ക്രിസ്തുവിന്റെ സത്വം |
| | Old Testament Gen.11:7-24 Psalm 32 |
| | New Testament 1 Pet.3:18-22 Gospel John.3:1-8 |
| | 5.45 a.m. M (Tamil) 7.15 .a.m H.E. (English) |
| | 9.45 a.m M. (Malayalam) |
| | 7.00 am HE(Malayalam) Zion Hall |
| | 6.30pm HE (Malalyalam) Zenana Chapel |
| 14.08.2026 | 7.30 a.m. Friday H.E. ( Malayalam ) |
| 16.08.2026 | 11th Sunday after Pentecost |
| Theme | Holy Eucharist:Tabel of Reconciliation |
| | വിശുദ്ധ യൂകാറിസ്റ്റ് :അനുരഞ്ജനത്തിന്റെ മേശ |
| | Old Testament Exo.24:3-11 Psalm 85 |
| | New Testament 1 Cor.10:14-22 Gospel Matt.5:23-26 |
| | 5.45 a.m HE (Tamil) 7.15 a.m. H.E. (English) |
| | 9.45 a.m. HE (Malayalam) |
| | 6.30pm HE (Malayalam) Zenana Chapel |
| 21.08.2026 | 7.30 a.m. Friday H.E. ( Malayalam ) |
| 23.08.2026 | 12th Sunday after Pentecost / Dalit and Adivasi Sunday/ ദളിത് ആദിവാസി ഞായർ |
| Theme | From Bondage to Freedom:God Walks with the Oppressed |
| | അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക്: അടിച്ചമർത്തപ്പെട്ടവരോടൊപ്പം യാത്ര ചെയ്യുന്ന ദൈവം |
| | Old Testament Deut.26:5-11 Psalm. 146 |

# ALMANAC

| | |
|---|---|
| | New Testament Phile.10-18 Gospel John.4:5-14 |
| | 5.45 a.m M (Tamil) 7.15 a.m M (English) |
| | 9.45 a.m HE (Malayalam) |
| | 7.00 am HE (Malayalam) Zion Hall |
| | 6.30pm HE (Malayalam) Zenana Chapel |
| 28.08.2026 | 7.30 a.m. Friday H.E. ( Malayalam ) |
| 30.08.2026 | 13th Sunday after Pentecost |
| Theme | Strangers No More:Welcoming the Migrants and Refugees |
| | അന്യരായി ആരുമില്ല : കുടിയേറ്റക്കാരും അഭയാർത്ഥികളും സ്വീകരിക്കപ്പെടുന്നു |
| | Old Testament Lev.19:9-10, 33-37 Psalm. 146 |
| | New Testament Eph.2:11-22 Gospel Luke.10:25-37 |
| | 5.45.a.m M (Tamil) 7.15 a.m HE (English) |
| | 9.45 a.m HE(Malayalam) |
| | 6.30pm HE (Malayalam) Zenana Chapel |
| 04.09.2026 | |
| 06.09.2026 | 14th Sunday after Pentecost / Choir Sunday /ഗായകസംഘ ഞായർ |
| Theme | Song of Restoration യഥാസ്ഥാനത്തിന്റെ പാട്ടുകൾ |
| | Old Testament Isa.61:1-10 Psalm 51 |
| | New Testament Rev.21:1-5 Gospel Mark.8:22-25 |
| | 5.45.a.m HE (Tamil) 7.15 a.m HE(Enghlish) |
| | 9.45 a.m HE (Malayalam) |
| | 6.30pm HE (Malayalam) Zenana Chapel |

# ROSTER FOR READING LESSON

ENGLISH

| Date | First Lesson | Second Lesson |
|---|---|---|
| 09-08-2026 | Dr. Thomas Biju Mathew | Mrs. Sheela Maria Jacob |
| 16-08-2026 | Mr. Susheel Thomas | Dr. Valsamma Jacob |
| 23-08-2026 | Dr. Thomas Varghese | Mrs. Jiya Elsa Thomas |
| 30-08-2026 | Mr. M. J. Kuruvilla | Mrs. Mary Binu |
| 06-09-2026 | Choir Sunday | |

MALAYALAM

| Date | First Lesson | Second Lesson |
|---|---|---|
| 09-08-2026 | Dr. Arun Joseph | Mrs. Reena John |
| 16-08-2026 | Dr. Thomas Abraham | Mrs. Niranjana Mariam Mathew |
| 23-08-2026 | Mr. Abraham Ninan | Adv. K. A. Achamma |
| 30-08-2026 | Mr. V. S. Samuel | Mrs. Leena John |
| 06-09-2026 | Choir Sunday | |

## Area Prayer Meetings

| Date & Time | Area | Name | IDNo. | P. No. | Phone |
|---|---|---|---|---|---|
| **02-08-2026 Sunday** 4:00pm | **Peroorkada** | Mrs. Rajamma Joseph | R-006 | 319 | 9495850181 |
| **08-08-2026 Saturday** 5:00pm | **Kowdiar Kuravankonam** | Mr. Daniel Varghese (Centenary Hall) | D-006 | 125 | 963364345 |
| **09-08-2026 Sunday** 4:00pm | **Peroorkada** | Mr. Doni Jackson David | New | | 9895109319 |
| **15-08-2026 Saturday** 4:30pm | **Pongumoodu Sreekaryam** | Mrs. Leelamma Raju | R-20 | 452 | 9947719072 |
| **23-08-2026 Sunday** 4:30pm | **Pongumoodu Sreekaryam** | Mr. P. C. Joy | J-173 | 493 | 9446186700 |
| **25-08-2026 Tuesday** 4:00pm | **Pattom Plamoodu** | Mrs. Mariamma Abraham | M-023 | 312 | 9895455750 |
| **30-08-2026 Sunday** 4:00pm | **Peroordaka** | Mr. P. A. Roy | R-060 | 374 | 9495408572 |

# അൽമായ സംഘടന: നവീകരിക്കപ്പെടുന്ന സഭയുടെ ജീവസ്പന്ദനം



Rev. Bino Jacob

ഇന്നത്തെ സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി അംഗസംഖ്യയുടെ കുറവോ സാമ്പത്തിക പ്രതിസന്ധിയോ അല്ല; മറിച്ച്, സഭയുടെ ആത്മീയ സാക്ഷ്യത്തിന്റെ ദുർബലതയാണ്. രാഷ്ട്രീയ ധ്രുവീകരണവും മതധ്രുവീകരണവും സാമൂഹിക മാധ്യമങ്ങളിലെ വിദ്വേഷസംസ്കാരവും ജാതിവർഗ്ഗ വിവേചനവും സാമ്പത്തിക അസമത്വവും ഇന്ന് സഭയെയും സ്വാധീനിക്കുന്നു. വിഭാഗീയത, അധികാരമത്സരം, വ്യക്തിപൂജ (celebrity culture), ആത്മീയ തണുപ്പ് എന്നിവ സഭയുടെ സാക്ഷ്യത്തെ ദുർബലമാക്കുന്നു. ഇത്തരം സാഹചര്യത്തിൽ അൽമായ ഫെലോഷിപ്പ് എന്നത് കേവലം ഒരു സംഘടനയല്ല; മറിച്ച് സഭയെ വീണ്ടും ക്രിസ്തുവിന്റെ ശരീരമാക്കി തീർക്കുന്ന ആത്മീയ പ്രസ്ഥാനമാണ്. സഭയെ പുനർനിർമ്മിക്കുവാൻ സാധിക്കുന്നത് പുതിയ പദ്ധതികൾക്കല്ല, ('Laity' (Greek 'Laos) meaning people of God). അതുകൊണ്ടുതന്നെ അൽമായരുടെ ദൗത്യം, ക്രിസ്തുവിലൂടെ സഭയുടെ പുനർനിർമാണം സാധ്യമാക്കുക എന്നതാണ്. ഇന്നത്തെ സഭാ പശ്ചാത്തലങ്ങൾ നാം പരിഗണിക്കുമ്പോൾ, രണ്ട് തരത്തിലുള്ള സഭാവിശ്വാസ സമൂഹങ്ങളെ നമുക്ക് ദർശിക്കുവാൻ സാധിക്കും: 1. Church as Monument / സ്മാരകങ്ങൾ ആയിത്തീരുന്ന സഭകൾ. സ്മാരകം എന്നത്, ഒരുകാലത്ത് ജീവൻ നിറഞ്ഞിരുന്ന ഒരു സംഭവത്തിന്റെയോ വ്യക്തിയുടെയോ ആശയത്തിന്റെയോ നിശ്ശബ്ദ സാക്ഷ്യമാണ്. അതിന് ചരിത്രമുണ്ട്, മഹത്വമുണ്ട്, എന്നാൽ ജീവൻ ഇല്ല. സ്മാരകങ്ങൾ ഭൂതകാലത്തിലേക്ക് വിരൽചൂണ്ടുന്നു; ഒരിക്കൽ ഇവിടെ ജീവിതം സ്പന്ദിച്ചിരുന്നു എന്ന് നമ്മെ ഓർമിപ്പിക്കുന്നത് ആണ് ഓരോ സ്മാരകങ്ങളും. അവയെ ആളുകൾ സന്ദർശിക്കും, ചിത്രങ്ങൾ പകർത്തും, പ്രശംസിക്കും; എന്നാൽ അവയിൽ നിന്ന് ജീവൻ ഉദിക്കു

# *In Loving Memory of*



## Mary John (87)

**ID No. M-035, Page 184, Paruthikal Murinjapalam**
Thiruvananthapuram

***Called to Eternity on 13th July 2026***

*"Safe in the arms of Jesus"*

**Fondly remembered by:**
Children & Family Members

# വാർഷിക പൊതുയോഗം 12-07-2026



# അലക്സച്ചന് സഭയുടെ യാത്രയയപ്പ് 12-07-2026











അത്മായ ഫെലോഷിപ്പ്



നെടുങ്ങാടപ്പള്ളിയിലെ സ്വീകരണം



അലീനയുടെ കല്ലറയ്ക്കരികിൽ



മടക്കയാത്രയിൽ ചാക്കോച്ചനോടൊപ്പം

## അലക്സച്ചന് കമ്മിറ്റിയുടെ യാത്രയപ്പ് 12-07-2026









## മഹായിടവകദിന പതാക ഉയർത്തൽ 19-07-2026





## ഡാനിയച്ചന്റെ പിറന്നാൾദിനാഘോഷം 19-07-2026






കയോ പുതിയ ബന്ധങ്ങൾ വളരുകയോ ചെയ്യുന്നില്ല. ഒരു സ്മാരകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ നിശ്ചലതയാണ്: അത് മാറുന്നില്ല, വളരുന്നില്ല, പ്രതികരിക്കുന്നില്ല. ഇന്നത്തെ സഭകളിൽ പലതും, അറിയാതെ സ്മാരകങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. വിശ്വാസത്തിന്റെ ചൂടിനെക്കാൾ പാരമ്പര്യത്തിന്റെ തണുപ്പിനും, ശിഷ്യത്വത്തെക്കാൾ സ്ഥാപനത്തിന്റെ സുരക്ഷയ്ക്കും, സുവിശേഷ ദൗത്യത്തെക്കാൾ കെട്ടിടങ്ങളുടെ മഹത്വത്തിനും മുൻതൂക്കം കൊടുക്കുമ്പോൾ, സഭ ക്രമേണ ജീവിക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിൽ നിന്ന് തെന്നിമാറി ഒരു സ്മാരകം എന്നവണ്ണം ചരിത്രത്തിന്റെ പ്രദർശനശാലയിലേക്ക് ചുരുങ്ങുന്നു. ആരാധന പതിവുകളിൽ ഒന്നാകുന്നു, ശുശ്രൂഷ പരിപാടിയാകുന്നു, വിശ്വാസം ആചാരമാകുന്നു, അംഗത്വം വെറും കണക്കായി മാറുന്നു. പുറത്തുനിന്ന് നോക്കുമ്പോൾ എല്ലാം ഭംഗിയായി തോന്നാം ഉയർന്ന ഗോപുരങ്ങൾ, മനോഹരമായ ആരാധനാലയങ്ങൾ, സമ്പന്നമായ പാരമ്പര്യങ്ങൾ, കൃത്യമായ ഭരണസംവിധാനങ്ങൾ. എന്നാൽ ഉള്ളിൽ മാനസാന്തരത്തിന്റെ കണ്ണീരും, സ്നേഹത്തിന്റെ ഊഷ്മളതയും, പരിശുദ്ധാത്മാവിന്റെ നവീകരണവും, ശിഷ്യരുടെ ആവേശവും ഇല്ലാതാകുമ്പോൾ, സഭ അതിന്റെ സാക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ച് സ്മാരകമായി മാറുന്നു. ക്രിസ്തു തന്റെ സഭയെ സ്മാരകമാകാൻ വിളിച്ചിട്ടില്ല; ലോകത്തിന് ജീവനും പ്രത്യാശയും നൽകുന്ന സജീവ സാക്ഷിയാകാനാണ് വിളിച്ചിരിക്കുന്നത്. "The Church lives by the fact that Christ lives." ക്രിസ്തുവിന്റെ സജീവ സാന്നിധ്യം നഷ്ടപ്പെടുന്ന നിമിഷം മുതൽ സഭ ഒരു സ്മാരകമായി മാത്രം അവശേഷിക്കും. അതുകൊണ്ടുതന്നെ യെഹെസ്കേൽ 36ലെ 'പുതിയ ഹൃദയം' എന്ന വാഗ്ദത്തം വ്യക്തികളുടെ ആത്മീയ നവീകരണത്തിനപ്പുറം സഭയുടെ കൂട്ടായ നവസൃഷ്ടിയെയും ലക്ഷ്യമിടുന്നു. യെഹെസ്കേൽ പ്രവാചകന്റെ കാലത്ത് യിസ്രായേൽ രാഷ്ട്രീയമായും ആത്മീയമായും തകർന്ന് ഒരു സ്മാരകം പോലെ മാറിയിരുന്നു. ദൈവജനത്തിന്റെ പരാജയം മൂലം ദൈവത്തിന്റെ മഹത്വം ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലായിരുന്നു. 'യിസ്രായേൽ ഗൃഹമേ, നിങ്ങളുടെ നിമിത്തമല്ല,

